പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 786

12/06/2013 ൽ മറുപടിയ്ക്ക്

## കടലാക്രമണം പ്രതിരോധിക്കുന്നതിന് ശാശ്വത സംവിധാനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.തിലോത്തമൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കടലാക്രമണം പ്രതിരോധിക്കുന്നതിന് ശാശ്വതമായ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് അറിയിക്കുമോ; കടലാക്രമണം കൂടുതലായി അനുഭവപ്പെടുന്ന മേഖലകളിൽ ശാശ്വത പരിഹാരമായി പുലിമുട്ടുകളും കടൽ ഭിത്തികളും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (എ) | കടലാക്രമണം പ്രതിരോധിക്കുന്നതിനായി കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നുണ്ട്. കടലാക്രമണം കൂടുതലായി അനുഭവപ്പെടുന്ന മേഖലകളിൽ ശാശ്വത പരിഹാരമായി പുലിമുട്ടുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) കടലാക്രമണത്തെ ചെറുക്കുന്നതിനുള്ള ആധുനിക മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; മത്സ്യബന്ധനത്തിനും ജലയാനങ്ങൾ ഇറക്കുന്നതിനും തടസ്സം വരാത്തവിധം കടൽ തീരങ്ങളിൽ കാറ്റാടി മരങ്ങളും കണ്ടൽ മരങ്ങളും നട്ട് കടലാക്രമണത്തെ ചെറുക്കുവാനുള്ള പ്രവർത്തനങ്ങളുടെ സാധ്യതകൾ വിശദമാക്കുമോ; ഇത് എവിടെയെല്ലാം നടപ്പിലാക്കിയെന്നും ഇതിന്റെ സാമ്പത്തിക നേട്ടങ്ങൾ എത്രമാത്രമാണെന്നും വ്യക്തമാക്കുമോ ; | (ബി) | കടലാക്രമണത്തെ ചെറുക്കുന്നതിനുള്ള ആധുനിക മാർഗ്ഗമായി ഇപ്പോൾ അംഗീകരിച്ചിട്ടുള്ളത് പുലിമുട്ടുകളുടെ നിർമ്മാണമാണ്. കാറ്റാടി മരങ്ങളും കണ്ടൽ മരങ്ങളും നട്ട് കടലാക്രമണത്തെ ചെറുക്കുന്നതിനുള്ള പഠനം ജല വിഭവ വകുപ്പ് നടത്തിയിട്ടില്ല. |
| (സി) ചേർത്തല മണ്ഡലത്തിലെ ചേന്നവേലി, ആയിരംതൈ മേഖലയിൽ ഉണ്ടാകുന്ന കടലാക്രമണം ചെറുക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കുമോ ; | (സി) | അടിയന്തിര പ്രവൃത്തിയിൽ ഉൾപ്പെടുത്തി താൽക്കാലികമായ കരിങ്കൽ ഭിത്തികൾ നിർമ്മിച്ച് ഈ മേഖലയിലെ കടലാക്രമണം ചെറുക്കവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കുറ്റമറ്റരീതിയിൽ പുലിമുട്ടുകളും കടൽ ഭിത്തികളും നിർമ്മിച്ച് തീരദേശവാസികളെ കടലാക്രമണ ഭീഷണിയിൽ നിന്നും രക്ഷിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ? | (ഡി) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ